ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം,
തീയതി: 14-11-2019

## സർക്കുലർ നം.57

വിഷയം: ജയിലുകൾ -ഫുഡ് മേക്കിംഗ് യൂണിറ്റുകളിൽ സാധനങ്ങൾ വാങ്ങുന്നത്- സംബന്ധിച്ച്

1.ജയിൽ വകുപ്പിലെ എല്ലാ ഫുഡ് മേക്കിംഗ് യൂണിറ്റുകളിലും ഭക്ഷണ പലവക സാധനങ്ങളായ ചിക്കൻ, പച്ചക്കറി, മത്സ്യം മുതലായ സാധനങ്ങൾ വാങ്ങുന്നതിൽ തുടർച്ചയായി വിതരണം ചെയ്യുന്ന ഏജൻസിയെ മാത്രം ആശ്രയിക്കുന്നതിനാൽ മാർക്കറ്റ് വിലയിലും കൂടിയ നിരക്കിലാണെന്ന് അറിയാൻ കഴിഞ്ഞു. ആയതിനാൽ ഓരോ മാസവും മാർക്കറ്റ് വിലയനുസരിച്ച് ഗുണനിലവാരം ഉറപ്പാക്കി എല്ലാ ഫുഡ് മേക്കിംഗ് യൂണിറ്റുകളിലും സഹകരണ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ/ ഓപ്പൺ മാർക്കറ്റ് എന്നിവിടങ്ങളിൽ നിന്ന് വാങ്ങാവുന്നതാണ്. ടി യൂണിറ്റുകൾ പ്രവർത്തിക്കുന്നത് ഇതിന്റെ പ്രവർത്തനഫലമായുണ്ടാകുന്ന ലാഭത്തിൽ നിന്ന് ആകയാൽ യൂണിറ്റിനാവശ്യമായ അസംസ്കൃത സാധനങ്ങൾ / മുകളിൽ പരാമർശിച്ച സാധനങ്ങൾ വാങ്ങുമ്പോൾ വിലകുറവും ഗുണനിലവാരവും ഉറപ്പാക്കേണ്ടതാണ്.

2. പാചകാവശ്യത്തിനായി ഉപയോഗിക്കുന്ന എണ്ണ മറ്റ് പ്രൊവിഷൻ സാധനങ്ങൾ എന്നിവയും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നവയാണെന്നത് പ്രത്യേകം ഉറപ്പു വരുത്തേണ്ടതാണ്.

3. ഉപയോഗിക്കുന്ന സാധനങ്ങളുടേയും പച്ചക്കറി, മത്സ്യ മാംസങ്ങൾ എന്നിവയുടേയും ഗുണ നിലവാരം ജയിൽ മെഡിക്കൽ ഓഫീസർമാർ ഇടയ്ക്കിടെ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും അവ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

**ഋഷിരാജ് സിംഗ് ഐപിഎസ്**
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ഫുഡ് യൂണിറ്റ് യൂണിറ്റ് പ്രവർത്തിക്കുന്ന
എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും